# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1449** — **13/07/2016-ൽ മറുപടിക്ക്**

## മരുന്നുകളുടെ രാസനാമങ്ങൾ എഴുതണമെന്ന നിർദ്ദേശം

ചോദ്യം

**ശ്രീ.മുല്ലക്കര രത്നാകരൻ**
**ശ്രീ.ജി.എസ്.ജയലാൽ**
**ശ്രീ.എൽദോ എബ്രഹാം**
**ശ്രീ.കെ.രാജൻ**

മറുപടി

**ശ്രീമതി.കെ.കെ. ശൈലജ ടീച്ചർ**
**(ആരോഗ്യവും - സാമൂഹ്യ നീതിയും വകുപ്പുമന്ത്രി)**

| | | |
|---|---|---|
| എ) മരുന്നുകളുടെ രാസനാമങ്ങൾ കുറിപ്പടിയിൽ എഴുതുന്നത് സംബന്ധിച്ച് മെഡിക്കൽ കൗൺസിൽ എന്തെങ്കിലും നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | എ) | Indian Medical Council (Professional conduct,Etiquette and ethics) Regulation 2002 ലെ പാരഗ്രാഫ് 1.5 ൽ എല്ലാ ഡോക്ടർമാരും കഴിയുന്നതും രാസ നാമത്തിൽ (ജനറിക് നാമത്തിൽ) തന്നെ മരുന്ന് കുറിപ്പടികൾ എഴുതണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതു കൂടാതെ മരുന്ന് കുറിപ്പടികളും മരുന്നുകളുടെ ഉപയോഗവും യുക്തിക്ക് നിരക്കുന്നതും ന്യായവുമായിരിക്കണമെന്ന് ഇന്ത്യൻ മെഡിക്കൽ കൗൺസിൽ നിഷ്കർഷിച്ചിട്ടുണ്ട്. |
| ബി) ഈ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നുണ്ടോ എന്ന് ഉറപ്പ് വരുത്തുന്നതിന് എന്ത് നടപടികളാണുള്ളതെന്ന് വെളിപ്പെടുത്തുമോ; | ബി) | ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കണമെന്ന് 09.06.2014 ലെ സ.ഉ(സാ.ധ)നം.1895/2014/ആകുവ നമ്പർ ഉത്തരവ് പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. സ്ഥാപന മേധാവികളും, സ്ഥാപന സന്ദർശനം നടത്തുന്ന ജില്ലാ, സംസ്ഥാനതല ഉദ്യോഗസ്ഥരും ഇക്കാര്യം പരിശോധിക്കുന്നുണ്ട്. |
| സി) സംസ്ഥാനത്തെ ആശുപത്രികളിൽ ഗ്രീവൻസ് ആൻറ് മോണിറ്ററിംഗ് സെൽ രൂപീകരിക്കണമെന്ന നിർദ്ദേശം നടപ്പാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഈ സെല്ലുകൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | സി) | സംസ്ഥാനത്തെ ആശുപത്രികളിൽ ഗ്രീവൻസ് ആൻറ് മോണിറ്ററിംഗ് സെൽ രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. കോഴിക്കോട്, മഞ്ചേരി,കോട്ടയം എന്നീ ഗവൺമെന്റ് മെഡിക്കൽ കോളേജുകളിൽ പ്രസ്തുത സെൽ രൂപീകരിച്ചിട്ടുണ്ട്. മറ്റ് മെഡിക്കൽ കോളേജുകളിൽ ആയത് രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

| | | |
|---|---|---|
| ഡി) ഇത്തരം സെല്ലുകളുടെ പ്രവർത്തന ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | ഡി) | മരുന്നുകൾ ലഭ്യമാക്കുന്നത് സംബന്ധിച്ചുള്ള പ്രശ്നങ്ങൾ വിലയിരുത്താനും, പരിഹാര നടപടികൾ എടുക്കാനും ഉദ്ദേശിച്ചുള്ളതാണ് ഈ സെൽ. കൂടാതെ രോഗികളും അവരുടെ കൂട്ടിരിപ്പുകാരും ആശുപത്രിയിലെ വിവിധ യൂണിറ്റുകളും തമ്മിലുള്ള ആശയ വിനിമയം കൂടുതൽ മെച്ചപ്പെടുത്തുക, പരാതികൾ ഉണ്ടെങ്കിൽ അവ പരിഹരിക്കുക, വിവിധ പദ്ധതികളുമായി ബന്ധപ്പെട്ട് സഹായങ്ങളും, നിർദ്ദേശങ്ങളും രോഗികൾക്ക് നൽകുക, പരാതികൾ യഥാവിധി പരിശോധിച്ച് ഇവ ആവർത്തിക്കാതെ നിരീക്ഷണ വിധേയമാക്കുക എന്നിവയും ഇതിന്റെ പ്രവർത്തന ലക്ഷ്യത്തിൽപ്പെടുന്നു. |

സെക്ഷൻ ഓഫീസർ